എയ്ഡഡ് മേഖലയിൽ അനുവദിച്ച കോളേജുകൾ

29 (2573) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എയ്ഡഡ് മേഖലയിൽ കോളേജുകൾ ഏതെല്ലാം തീയതികളിലാണ് അനുവദിച്ച് ഉത്തരവിറക്കിയത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെല്ലാംകൂടി എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) (1) 1-6-2013 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 220/13/ഉ.വി.വ. ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ മലബാർ എഡ്യൂക്കേഷണൽ ട്രസ്റ്റിന് കീഴിൽ പുതിയതായി ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജും.

(2) 11-4-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 160/14/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കെ.പി.എം.എസ്. കര്യോട്ടുമല, കൊല്ലം, പി.ആർ.ഡി.എസ്., അമരചങ്ങനാശ്ശേരി, കോട്ടയം, ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി-വണ്ടൂർ, മലപ്പുറം എന്നീ കോളേജുകളും.

(3) 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 30/16 ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, കാട്ടിലങ്ങാടി, ആതവനാട്, പി. ഒ., മലപ്പുറം, ഗവ. കോളേജ്, നിലമ്പൂർ, എൻ.എസ്.എസ്. കോളേജ്, കപ്പൂർ, പാലക്കാട്, ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം എന്നീ കോളേജുകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) പ്രസ്തുത കോളേജുകളിൽ 29 അദ്ധ്യാപക തസ്തികകളും 2 പ്രിൻസിപ്പാൾ തസ്തികകളും അനുവദിച്ചു. പ്രസ്തുത കോളേജുകളിൽ അനുവദിച്ച അനദ്ധ്യാപക തസ്തികകൾ 15.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly